(*d*) Was placed under suspension from 22nd Mithunam 1116 to 19th Meenam 1117 for certain irregularities when he was in charge of the Travancore House in Madras.

ശ്രീ. കെ. എ. മാത്യു: കുറ്റംചെയ്ത ഓഫീസർ പ്രമോഷൻ കൊടുക്കാൻ കാരണം എന്താണ്?

Sri. E. John Philipose: It is not a case of actual promotion. The Sub-Division Officer went on leave and Gopalan Nayar who was the Senior Supervisor was put in charge of the work. It was done by the Irrigation Engineer.

Sri. A. K. George: What are the reasons for his suspension.

Sri. E. John Philipose: I am not in possession of the details.

Sri. A. K. George: Defalcation of accounts?

Sri. E. Jonn Philipose: I am not sure.

ശ്രീ. പാറ തളിയത്ത്: മറ്റുള്ളവരുടെ സീനിയോറിട്ടിക്ക് ഇതുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ?

ശ്രീ. ജോൺഫിലിപ്പോസ്: ഇല്ല.

പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ ക്ലാർക്കന്മാരുടെയും മറ്റും ശമ്പളം

*ന ൭൫. (ക൫) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

അടുത്തകാലത്ത് ഗവണ്മെന്റും സ്കൂൾ മാനേജരന്മാരും തമ്മിൽ അദ്ധ്യാപകന്മാരുടെ ശമ്പളം മുതലായ കാര്യങ്ങളെപ്പറ്റി തീരുമാനം ചെയ്യുമ്പോൾ പ്രസ്തുത ആഫിസ്സുസ്സാഹിന്റെ കാര്യം വിട്ടുകളവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അദ്ധ്യാപകന്മാരുടെ കാര്യംമാത്രം ഉന്നയിക്കപ്പെട്ടതിനാൽ അതിനെപ്പറ്റിയാണ് അപ്പോൾ തീരുമാനിച്ചത്.

ശ്രീ. കെ. എ. മാത്യു: ഇവരുടെ കാര്യംകൂടി തീരുമാനിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പറ്റി ആലോചിക്കാം.

വളം വിതരണം

*ന ൭൬. (ക൬) ശ്രീ. കോന്നാത്ത കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തൃശ്ശിവപേരൂരിൽ ആകെ എത്ര സംഖ്യക്കുള്ള വളം ൧൯൫൫, ൧൯൫൬, ൧൯൫൭ എന്നി കൊല്ലങ്ങളിൽ വിതരണം ചെയ്യിട്ടുണ്ട്;

(ബി) ഈ വിതരണം ചെയ്യുവാൻ എത്ര ഡിപ്പാർട്ടുമെന്റ് വഴിയാണ്;

(സി) വളം സൂക്ഷിച്ചു വിതരണം ചെയ്യാൽ തൂക്കത്തിൽ കുറവുവരുമെന്നു ഗവണ്മെന്റിലേക്ക് ബോദ്ധ്യമുണ്ടോ;

(ഡി) അങ്ങിനെ കുറവുവന്നാൽ കണ്ടിസക്ഷൻ കൊടുക്കുന്നതിന്റെ റേറ്റ് എത്ര?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): താഴെ പറയുന്ന സംഖ്യക്കുള്ള വളം തൃശ്ശിവപേരൂരിൽ ൧൯൫൫, ൧൯൫൬, ൧൯൫൭, ഈ ആണ്ടുകളിൽ വിതരണം ചെയ്യിട്ടുണ്ട്.

൧൯൫൫-ൽ ൨, ൦൫, ൪൪൫-രൂപാ

LIBRARY ARCHIVES Kerala Legislative Assembly